ത്തിൽ എത്ര റാത്തൽ മെറ്റൽ വാങ്ങീട്ടുണ്ടെന്നും എത്ര റാത്തൽ അക്ഷരങ്ങൾ വാർത്തുണ്ടാക്കീട്ടുണ്ടെന്നും പറയാമോ;

(ബ) പ്രസ്സിലേക്കു വാങ്ങുന്ന മെറ്റൽ എവിടെയാണു സൂക്ഷിക്കാറുള്ളതു; പ്രസ്സിൽതന്നെയാണോ, വേറെ വല്ലവരുടെ സൂക്ഷിപ്പിലൊ;

(ൽ) പ്രസ്സിലെ മാനേജ്മെൻറിനും പ്രസ്സ്വക സാമഗ്രികൾ സൂക്ഷിക്കുന്നതിനും ആരാണു ഉത്തരവാദി?

മിസ്റ്റർ കെ. പി. കണ്ണൻ നായർ:

(എ) അക്ഷരങ്ങൾ വാർപ്പിച്ചാണു ഉപയോഗിക്കുന്നതു.

(ഫ) പതിവുണ്ടു.

(ന) ൧൯൨൫ മുതൽ കൊല്ലംതോറും ൪൪൫൦ റാത്തൽ വാങ്ങുന്നുണ്ടു.

(ർ) ൧൯൨൫ മുതൽ കൊല്ലംതോറും ഏകദേശം ൨൦൦൦ റാത്തൽ വീതവും ൧൯൨൬-ൽ ൧൫,൭൦൦ റാത്തലും ൧൯൨൭-ൽ ഇതുവരെ ൧൫,൦൦൦ റാത്തലും വാർത്തിട്ടുണ്ടു.

(ങ) ഉച്ച.

(ശ) മെറ്റൽ സ്റ്റോക്കില്ല. ഉദ്ദേശം ൪൫,൦൦൦ റാത്തൽ അക്ഷരങ്ങൾ മുതലായവ ഉണ്ടു.

	കൊല്ലം	വാങ്ങിയ മെറ്റൽ	വാർത്ത അക്ഷരങ്ങളും മറ്റും
(൭)	൧൯൨൫	൪൫൦൫ റാത്തൽ	൧൭൫൫ റാത്തൽ
	൧൯൨൬	nil	൪൭൦൦ ,,
	൧൯൨൭	,,	൧൪൫൦ ,,
	൧൯൨൮	,,	൧൫൫൨ ,,
	൧൯൨൯	,,	൫൩൧ ,,
	൧൯൩൦	൪൪൫൦ റാത്തൽ	൧൫൫൫ ,,
	൧൯൩൧	nil	൫൦൧൫ ,,
	൧൯൩൨	,,	൨൫൩൨ ,,
	൧൯൩൩	൪൪൫൦ റാത്തൽ	൧൧൭൫ ,,
	൧൯൩൫	൪൪൫൦ ,,	൧൫,൭൨൫ ,,
	൧൯൩൪	൪൩൫൦ ,,	൧൫,൦൦൦ ,,

(ബ) പ്രസ്സിൽതന്നെ സൂക്ഷിക്കുന്നു.

(ൽ) പ്രസ്സ്സൂപ്രണ്ടു.

GOVERNMENT PRESS—REMOVAL OF METAL STOCKED FOR PRINTING—ACTION TAKEN REGARDING

211. മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: താഴെ പറയുന്ന ചോദ്യത്തിനു ഗവൺമെണ്ടു ദയവായി ഉത്തരം പറയുമൊ.—

(എ) ഗവൺമെണ്ടു പ്രസ്സിലെ ഉദ്യോഗത്തിൽ നിന്നും ആരെയെങ്കിലും ൧൯൨൫, ൧൯൨൬, ൧൯൨൭ കൊല്ലങ്ങളിൽ സസ്പെൻഡ് ചെയ്യുയൊ പിരിച്ചുവയ്ക്കുകയൊ ചെയ്തിട്ടുണ്ടൊ;

LIBRARY ARCHIVES Kerala Legislative Assembly

(ഫ) അവരുടെ പേരും ഉദ്യോഗവും എന്തായിരുന്നു;

(ന) സസ്പെൻറിന്നും അല്ലെങ്കിൽ ജോലിയിൽനിന്നും പിരിച്ചയക്കുന്നതിന്നുമുള്ള കാരണം എന്തായിരുന്നു;

(ശ) ഗവൺമെണ്ടു പ്രസ്സിൽനിന്നൊ സൂക്ഷിപ്പിൽനിന്നൊ അക്ഷരങ്ങളൊ മെറ്റലൊ കളവുപോയതായി ഗവൺമെണ്ടിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടൊ;

(ഷ) ഉണ്ടെങ്കിൽ കളവുമുതൽ കണ്ടുകിട്ടുകയൊ ആളെ പിടികിട്ടുകയൊ ഉണ്ടായിട്ടുണ്ടൊ;

(സ) ഉണ്ടെങ്കിൽ ആരായിരുന്നുവെന്നും എന്തെല്ലാം സാധനങ്ങൾ കിട്ടിയെന്നും പറയാമോ;

(ഹ) ഗവൺമെണ്ടു പ്രസ്സിലെ മെറ്റലൊ അക്ഷരങ്ങളൊ പ്രസ്സുജോലിക്കാർ വിറ്റതായി വല്ല അറിവും കിട്ടീട്ടുണ്ടൊ; ഉണ്ടെങ്കിൽ എന്തു നടപടി നടത്തീട്ടുണ്ടു"?

മിസ്റ്റർ കെ. പി. കണ്ണൻനായർ:

(ഫ) ഫ ഫ ഫ ര -ൽ സസ്പെൻറു ചെയ്കയും പിരിച്ചയക്കുകയും ഉണ്ടായിട്ടുണ്ടു.

(ന) സസ്പെൻറു ചെയ്തവർ.

ഫ. കെ. എ. റപ്പേൽ, അസിസ്റ്റാണ്ടു ടൈപ്പു കാസ്റ്റർ.

പിരിച്ചയക്കപ്പെട്ടവർ.

ഫ. കെ. നാരായണപിള്ള, ടൈപ്പു കാസ്റ്റർ, ന. പി. രാമൻമേനോൻ, അസിസ്റ്റാണ്ടു കമ്പോസിങ്ങു ഫോർമൻ. ന. എൻ. കൃഷ്ണൻ, ഹെഡു കമ്പോസിറ്റർ. ര. കെ. ചാത്തുനായർ, ടൈപ്പു സ്റ്റോർകീപ്പർ. ഉ. പി. വി. ചാക്കൊ, ബൈണ്ടിങ്ങു ഫോർമാൻ. സ. പി. പത്മനാഭമേനോൻ, ഇമ്പോസർ. ഒ. കെ. എ. ബാലകൃഷ്ണമേനോൻ, ഇമ്പോസർ. വ. കെ. വി. തൊമ്മൻ, കമ്പോസിറ്റർ.

(ന) ടൈപ്പു കളവു ചെയ്തു എന്ന സംശയത്തിന്മേൽ ആണു കെ. എ. റപ്പേലിനെ സസ്പെൻറു ചെയ്തതു.

ഗവൺമെണ്ടു പ്രസ്സിലെ പുതിയ പരിഷ്കരണപ്രകാരം പ്രായാധിക്യം കൊണ്ടും മറ്റും ജോലിക്കു അപ്രാപ്തന്മാരെന്ന കാണുകയാലാണു കെ. നാരായണപിള്ള തുടങ്ങിയ എട്ടാളുകളെ പിരിച്ചയച്ചതു.

(ര) ടൈപ്പു കളവുപോയതായി സംശയം ഉണ്ടായിട്ടുണ്ടു.

(ഷ) കളവുമുതൽ കണ്ടുകിട്ടിയിട്ടില്ല. കെ. എ. റപ്പേൽ ടൈപ്പു കളവു ചെയ്തതായി സംശയം ഉണ്ടായിട്ടുണ്ടു.

(സ) മേലുത്തരംകൊണ്ടു ഈ ചോദ്യത്തിന്നു ഉത്തരം ആവശ്യമില്ല.

(ഹ) കെ. എ. റപ്പേൽ ടൈപ്പു വിറ്റതായി സംശയിച്ചിട്ടുണ്ടു. ടിയാനെ ഡിപ്പാർട്ടുമെൻറലായി ശിക്ഷിച്ചു.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഈ സംശയം തോന്നിയതു എങ്ങിനെയാണു; വല്ല സ്വപ്നം കാണുകയൊ മറ്റൊ ചെയ്തതാണോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: സ്വപ്നം കാണുക മാത്രമേ സംശ

LIBRARY ARCHIVES Kerala Legislative Assembly

യത്തിന്റെ കാരണമാകയുള്ളുവെന്നു ഞാൻ ധരിച്ചിട്ടില്ല; അതൊരു സംശയത്തിന്റെ കാരണമാകുമെന്നും ഞാൻ ധരിച്ചിട്ടില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : ആക്കാണ് സംശയം തോന്നിയതു് ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : പ്രസ്തുതിലുള്ളവരിൽതന്നെ വേറെ ഒന്നുരണ്ടുപേരിൽനിന്നും അറിവു കിട്ടി. അതിനെപ്പറ്റി അന്വേഷിച്ചപ്പോൾ ഇതിനെപ്പറ്റിയെക്കുറിച്ചു് ഒരു സംശയം തോന്നി. അതിൽ എന്തോണ്ടു വാസ്തവമുണ്ടെന്നും മനസ്സിലായി. അയാളെ സസ്പെൻഡു ചെയ്യുകയും ചെയ്തു. ഇതാണുണ്ടായതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : കളവുമുതൽ കണ്ടുപിടിക്കുവാൻ എന്തെങ്കിലും നടപടി നടത്തിയോ ? പോലീസിനു് ആ വിവരം അറിവു കൊടുക്കുകയുണ്ടായോ ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : പോലീസിനു് അറിവു കൊടുത്തില്ല. ഇങ്ങിനെ സംശയം തോന്നുന്ന സംഗതികൾ സിപ്പാട്ട്മെണ്ടലായിട്ടുള്ളതാണെങ്കിൽ ഡിപ്പാട്ട്മെണ്ടലായിട്ടു ശിക്ഷിക്കുകയല്ലാതെ പോലീസിനു് അറിവു കൊടുക്കാറില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : സംശയം ഉള്ളതായി അറിവു കിട്ടിയതു ശരിയാണോ ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : സംശയിച്ചതു ശരിയാണു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : സംശയം തോന്നിയാൽ ശിക്ഷിക്കാറുണ്ടോ ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : ഡിപ്പാട്ട്മെൻറലായിട്ടുള്ള കാര്യങ്ങളിൽ ആകാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : അയാളോടു സ്റ്റേറുമെൻറു വാങ്ങിട്ടുണ്ടോ ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : സ്റ്റേറുമെൻറു കണ്ടതുകൊണ്ടാണു് അയാൾ കളവുനടത്തിയതായി തോന്നിയതു".

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : സ്റ്റേറുമെൻറിൽ പറഞ്ഞിരിക്കുന്നതു് എന്താണു് ?

മിസ്റ്റർ കെ. പി. കണ്ണൻനായർ : പറയുവാൻ തരമില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ : ആ സ്റ്റേറുമെൻറിൽ പറയുന്ന സംഗതികളെക്കുറിച്ചു് അന്വേഷിക്കുകയുണ്ടായോ ?

മിസ്റ്റർ കെ. പി. കണ്ണൻനാർ : വേണ്ട അന്വേഷണങ്ങൾ നടത്തിയാണു ശിക്ഷ കൊടുത്തതു് ?

Mr. K. Kochukunhan Kaimal *(Vadakkancheri):* Is the

LIBRARY ARCHIVES Kerala Legislative Assembly

Government in a position to say definitely whether these types were stolen or not?

മിസ്റ്റർ കെ. പി. കണ്ണൻനായർ: സംശയം തോന്നിയതുകൊണ്ട് ശി ക്ഷിച്ചു. ഈ സംഗതിയിൽ ഇവിടെ മറുപടി പറഞ്ഞതിൽ കൂടുതലായി ഒന്നും പറയുവാൻ സാധിയ്ക്കുകയില്ല.

Mr. K. Kochukunhan Kaimal *(Vadakkancheri):* May I know whether the Government is in a position to say whether these types have been stolen?

മിസ്റ്റർ കെ. പി. കണ്ണൻനായർ: അന്വേഷണത്തിൽ അയാൾ എടു ത്തിട്ടുണ്ടെന്നേ തോന്നിയുള്ളൂ. ഡെഫനിറ്റായിട്ട് പറയുവാൻ സാധിക്ക യില്ല.

Mr. K. Kochukunhan Kaimal *(Vadakkancheri):* Is it not possible to verify and ascertain whether these types have been missing. Is there not a stock register or some other document which would show the existence of these types?

Mr. K. P. Kannan Nayar *(Secretary to Government):* Now we are maintaining a stock register. സ്റ്റോക്കെൻറ കണ്ടപ്പോൾ കുറവ് ചെയ്തതായി സംശയം തോന്നിയതുകൊണ്ട് യഥാർത്ഥസംഗതികൾ അന്വേ ഷിക്കേണ്ട ആവശ്യമുണ്ടായില്ല.

Mr. M. K. Devassy *(Adur):* Can we take it that Government is not in a position to say whether the suspension is well founded or ill founded?

Mr. K. P. Kannan Nayar *(Secretary to Government):* From the nature of the statements taken from him as well as from others there was a strong suspicion against him.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: കളവുചെയ്തു എന്നു നിശ്ചയമായി പറ യാമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: ഡെഫനിറ്റായിട്ട് പറയുവാൻ സാ ധിക്കയില്ല.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ: കളവു പോയ മുതൽ ഏകദേശം എത്ര യുണ്ടായിരിക്കും?

മിസ്റ്റർ കെ. പി. കണ്ണൻനായർ: അധികമൊന്നുമില്ല; വളരെ കുറ ച്ചേയുള്ളൂ.

Mr. K. Kochukunhan Kaimal *(Vadakkancheri):* Was any enquiry made on the basis of the statements given by these persons.

മിസ്റ്റർ കെ. പി. കണ്ണൻനായർ: പോലീസിനു് അറിവു കൊടുത്തില്ല. ബാക്കിയുള്ള അന്വേഷണങ്ങളൊക്കെ നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. K. Devassy *(Adur):* Is there any reason why the Police were not informed about it?

Mr. K. P. Kannan Nayar *(Secretary to Government):* It was not considered necessary by the Government. From the nature of the information before the Covernment we thought that departmental action was enough.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പോലീസിനെ അറിയിച്ചാൽ വേറെ വല്ലവരും കൂടി ഇതിൽ പെടുമെന്നു ഗവൺമെൻറിനു ഭയമുണ്ടായിരുന്നുവോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: അതൊന്നുമില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പോലീസ് ഇതിനെപറ്റി അന്വേഷിച്ചിട്ടില്ലെന്നു നിശ്ചയമായിട്ടും പറയാമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: ഞങ്ങൾ അറിവുകൊടുത്തിട്ടില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പോലീസ് അന്വേഷിച്ചുവോയെന്നു പറയാമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: അറിഞ്ഞുകൂടാ.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഏതു വഴിക്കാണ് ഈ സംശയം ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടതു?

മിസ്റ്റർ കെ. പി. കണ്ണൻനായർ: നിശ്ചയമില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അപ്പീസിലുള്ള ആളുകളാണെന്നു പറഞ്ഞു; അതു ആരാണു?

മിസ്റ്റർ കെ. പി. കണ്ണൻനായർ: നിശ്ചയമില്ല.

മിസ്റ്റർ സി. ആർ ഇയ്യുണ്ണി: പ്രസ്സിലുള്ള വേലക്കാരിൽ ആരെങ്കിലും ടൈപ്പു കുറേശ്ശെ മോഷണംചെയ്തുകൊണ്ടുപോയി ഇന്ന സ്ഥലത്തു കൊടുക്കുന്നുവെന്നു അറിവുകിട്ടീട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: ഇല്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ടൈപ്പുകൾ എവിടെ കൊണ്ടുചെന്നു കൊടുത്തുവെന്നുള്ള ഇൻഫർമേഷനുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: പറയുവാൻ തരമില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇതിനെ സംബന്ധിച്ചു കടലാസ്സുകൾ ഒയവായി മേശപ്പുറത്തു വെക്കാമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: വെക്കുവാൻ സാധിക്കയില്ല.

മിസ്റ്റർ എ. വി. മൂത്തേടൻ: അതു കോൺഫിഡൻഷ്യലാണോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: അതെ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. കെ. ദേവസ്സി: ആക്ക്ണ വിറ്റതെന്ന ചോദിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: എന്തൊക്കെ ചോദിച്ചുവെന്ന നിശ്ചയമില്ല.

മിസ്റ്റർ കെ. കൊച്ചുകുഞ്ഞൻകയ്മൾ: സ്റ്റോറുമെൻറ കിട്ടിയതിനുശേഷം അതിനെ സംബന്ധിച്ച് ഒരു ഫർദർ എൻക്വയറി വേണമെന്ന മനസ്സിലായിട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: ഈ സ്റ്റോറുമെൻറ് അനുസരിച്ച് എന്തൊക്കെ ചെയ്യാമോ അതൊക്കെ ചെയ്തിട്ടുണ്ട്.

മിസ്റ്റർ കെ. കൊച്ചുകുഞ്ഞൻകയ്മൾ: ഇതു് ഗവൺമെണ്ടിൽ നിന്നും അപകടം ചെയ്തതായി വിശദമാകുന്നില്ലേ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: അതു വിശദമാകുന്നില്ലെങ്കിലും അപകടമൊന്നുമില്ല.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: കുറെ വേലക്കാരെന്ന പറഞ്ഞു.

മിസ്റ്റർ കെ. പി. കണ്ണൻനായർ: അല്ല, ചിലർ എന്നേ പറഞ്ഞുള്ളൂ.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ഈ ചിലർ എന്നു പറയുന്നവരോടെല്ലാം ഇതിനെപ്പറ്റി അന്വേഷിച്ചുവോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: എല്ലാവരോടും അന്വേഷിച്ചു.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: എല്ലാവരോടും സ്റ്റോറുമെൻറ വാങ്ങീട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: ഇതൊക്കെ ഞാൻ ഇവിടെ മുപ്പതു പ്രാവശ്യം പറഞ്ഞുകഴിഞ്ഞു.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഗവൺമെണ്ടു കളവുചെയ്യ മുതൽ മടക്കിക്കിട്ടുവാൻ ഇത്രയും അലസത കാണിച്ചുവു് എന്താണെന്ന മനസ്സിലാകുന്നില്ല.

മിസ്റ്റർ കെ. പി. കണ്ണൻനായർ: യാതൊരു അലസതയും കാണിച്ചിട്ടില്ല.

Mr. Deputy President: The position has been made sufficiently clear.

PUBLICITY OFFICE—EXPENDITURE, ETC.

212. Mr. K. R. Viswambharan *(Ezhuvas-Talappalli):* Will the Government be pleased to state.—

(*a*) the amount spent by the Government for the running of the Publicity Office in 1114;

(*b*) what is the pay of the Publicity Officer;

LIBRARY ARCHIVES Kerala Legislative Assembly